JAN : 12

# KGBEU OU ബുള്ളറ്റിൻ 3/2023

സഖാക്കളെ,

## വിഷയം: പ്രമോഷൻ പ്രോസസ്സ്

31.03.2022 ബിസിനസ്സ് അനുസരിച്ച് പ്രമോഷൻ നടത്താനുള്ള നടപടികൾ ഇത് വരെയായി നമ്മുടെ ബാങ്കിൽ തുടങ്ങിയിട്ടില്ല. ഏപ്രിൽ മാസം മുതൽതന്നെ ഇത് സമയബന്ധിതമായി നടപ്പിലാക്കണം എന്നാവശ്യപ്പെട്ട് ചെയർമാനുമായി പലതവണ സംസാരിക്കുകയും കത്ത് നൽകുകയും ചെയ്തതാണ്. നാളിതു വരെയായി പൂർണമായ നിസ്സംഗതയാണ് മാനേജ്മെന്റിനെ മുന്നോട്ട് നയിക്കുന്നത്. ഭീമമായ സാമ്പത്തിക നഷ്ടമാണ് ജീവനക്കാർക്ക് ഇതേതുടർന്ന് ഉണ്ടാവുന്നത്. പെൻഷൻ ഇനത്തിലും വലിയ നഷ്ടം അനുഭവപ്പെടുന്ന നിരവധി സഹപ്രവർത്തകരുണ്ട്. പ്രമോഷൻ നടപടികൾ അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന മാനേജ്മെന്റ് നടപടിക്കെതിരെ നാം ഇന്ന് ഹെഡ് ഓഫീസിനു മുന്നിൽ പ്രതിഷേധം സംഘ ടിപ്പിച്ചു. ഇനിയും നടപടികൾ വൈകിക്കുകയാണെങ്കിൽ തിങ്കളാഴ്ച മുതൽ ചട്ടപ്പടി ചെയ്യാനുള്ള ജോലി മാത്രം ചെയ്യാനും മുഴുവൻ ക്യാമ്പയിനുകളും ബഹിഷ്ക്കരിക്കാനുമാണ് സംഘടന തീരുമാനിച്ചിരിക്കുന്നത്. സംഘടനാ തീരുമാനങ്ങൾ ജനറൽ മാനേജരെ അ റിയിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)